<u>**ഭരണഭാഷ – മാതൃഭാഷ**</u>

നം:1713/2016/ഡി.പി.ഒ/പി.റ്റി.എ

കളക്ടറേറ്റ്, പത്തനംതിട്ട
തീയതി: 05/12/2016
ഫോൺ:0468–2222725,2222825
Email ID: dpopta725@gmail.com

പ്രേഷിതൻ
ജില്ലാ കളക്ടർ

സ്വീകർത്താവ്
ശ്രീ.എം.ശിവശങ്കർ, ഐ.എ.എസ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി(ഒ.എസ്.ഡി)
മുഖ്യമന്ത്രിയുടെ ഓഫീസ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:– ഹരിതകേരളം – പത്തനംതിട്ട ജില്ല– പ്രധാന പദ്ധതികൾ, മുന്നൊരുക്കങ്ങൾ–പുതുക്കിയ റിപ്പോർട്ട്–സംബന്ധിച്ച് .

സൂചന:– (1) ഈ ഓഫീസിൽ നിന്നുള്ള 03/12/2016 ലെ ഇതേ നമ്പർ കത്ത്

(2) ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുമുള്ള തുടർ നിർദ്ദേശം

ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2016 ഡിസംബർ 8 ന് ജില്ലയിൽ നടപ്പിലാക്കുന്ന പ്രധാന 10 പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ സൂചന (1) പ്രകാരം ആ ഓഫീസിലേക്ക് അയച്ചു നൽകിയിരുന്നു. മേൽ പരിപാടികൾ സംബന്ധിച്ച ഫോട്ടോഗ്രാഫ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

**ജില്ലാ കളക്ടർക്കുവേണ്ടി**

ഉള്ളടക്കം:– നിശ്ചിത പ്രൊഫോർമയിലുള്ള റിപ്പോർട്ട്

## ഹരിത കേരളം മിഷൻ – പത്തനംതിട്ട ജില്ല

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തി | പങ്കെടുക്കുന്ന പ്രമുഖ വ്യക്തികൾ | പ്രവർത്തിയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച ഫോട്ടോ |
|---|---|---|---|---|
| 1 | പത്തനംതിട്ട മുനിസിപ്പാലിറ്റി | 1) തച്ചൻപടി–കണ്ണൻകര നീർച്ചാൽ ശുചീകരണം, നഗരത്തിലെ വിവിധ പ്രദേശങ്ങളുടെ ശുചീകരണം (ഡിസംബർ 8–ന് ജില്ലാതല ഉത്ഘാടനം ബഹു.ധനകാര്യ വകുപ്പ് മന്ത്രിയും ബഹു.ജല വിഭവ വകുപ്പു മന്ത്രിയും പങ്കെടുക്കുന്നു)<br>2) പ്ലാസ്റ്റിക്ക് ഹോളിഡേ – ഡിസംബർ 8–ാം തീയതി വ്യാപാര സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ച് പകരം തുണി സഞ്ചി വിതരണം | ഡോ.റ്റി.എം തോമസ് ഐസക്ക്, ബഹു.ധനകാര്യ വകുപ്പ് മന്ത്രി, അഡ്വ മാത്യൂ.റ്റി.തോമസ്, ബഹു. ജലവിഭവ വകുപ്പ് മന്ത്രി | <br>Near S P OFFICE<br><br>KANNANKARA (NEAR ABAN ARCADE) |

| | | | | |
|---|---|---|---|---|
| 2 | തിരുവല്ല മുനിസിപ്പാലിറ്റി | 1) പ്ലാസ്റ്റിക് ഹർത്താൽ –ഡിസംബർ 8–ാം തീയതി മുഴുവൻ വ്യാപാര സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണി സഞ്ചി വിതരണം<br>2) കാക്കംതുരുത്ത് പാടശേഖരം 7 ഏക്കർ തരിശു ഭൂമിയിൽ നെൽകൃഷി ആരംഭിക്കും | റൈറ്റ്.റവ.ഗീവർഗ്ഗീസ് മാർ കുറിലോസ് തിരുമേനി, ശ്രീ.അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട്, തിരുവല്ല മുനിസിപ്പൽ ചെയർമാൻ. |  |
| 3 | മെഴുവേലി ഗ്രാമ പഞ്ചായത്ത് | പ്ലാസ്റ്റിക് നീക്കം ചെയ്യൽ. ഓരോ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് കുടുംബശ്രീകൾ വഴി ഒരു സ്ഥലത്ത് കേന്ദ്രീകരിച്ച് മെഷീൻ വഴി പൊടിയാക്കി പുനർ നിർമ്മാണം (വാർഡ് 1,2) | മെഴുവേലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് |  |
| 4 | മലയാലപ്പുഴ ഗ്രാമ പഞ്ചായത്ത് | 6 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭിക്കൽ | മലയാലപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സമുദായ നേതാക്കൾ തുടങ്ങിയവർ |  |

| | | | | |
|---|---|---|---|---|
| 5 | കോയിപ്രം ഗ്രാമ പഞ്ചായത്ത് | വരാച്ചാൽ വൃത്തിയാക്കൽ<br>1.75 ഏക്കർ  വിസ്തീർണ്ണമുള്ള ജലശേഖരം മാലിന്യ മുക്തമാക്കുന്നു (വാർഡ് 9,10,11) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ |   |
| 6 | എഴംകുളം ഗ്രാമ പഞ്ചായത്ത് | 15 വർഷത്തിലധികമായി കാടുമൂടിക്കിടന്ന ഈഴംകോട്ചിറ പുനരുദ്ധരിച്ച് ജല സ്രോതസ്സാക്കി മാറ്റുന്നു (18-ാം വാർഡ്)(എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം) | ജില്ലാ കളക്ടർ, എഴംകുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് |  |
| 7 | കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | തരിശുഭൂമിയിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുന്നു (വാർഡ് 1,2,8,11 ) | കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ കോർപ്പറേറ്റ് 360. |  |

| | | | | |
|---|---|---|---|---|
| 8 | റാന്നി ബ്ലോക്ക് പഞ്ചായത്ത് റാന്നി പെരുനാട് ഡിവിഷൻ | പമ്പാ തീരത്ത് രാമച്ച കൃഷിയിലൂടെ മണ്ണൊലിപ്പു തടയുകയും നദീജലം ശുദ്ധീകരിക്കുകയും ചെയ്യുന്നു | റാന്നി-പെരുനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് |  |
| 9 | കോന്നി ബ്ലോക്ക് പഞ്ചായത്ത് | 1) ഗവ.എച്ച്.എസ്സ്.എസ്സ് എലിമുള്ളുംപ്ലാക്കൽ, തണ്ണിത്തോട് സ്കൂളിൽ നിന്നും ഐ.എച്ച്.ആർ.ഡി കോളേജ്, എൻ.എസ്സ്.എസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇ-വേയ്സ്റ്റ് ശേഖരിക്കുന്നു<br>2) ജൈവ പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ | അഡ്വ.അടൂർ പ്രകാശ് എം.എൽ.എ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, അംഗങ്ങൾ | <br> |

| | | | | |
|---|---|---|---|---|
| 10 | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് കുറ്റൂർ ഡിവിഷൻ | പമ്പാ നദിയിലേക്കുള്ള തോടുകളുടെ പുനരുദ്ധാരണം(ആഴവും വീതിയും കൂട്ടൽ)(എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം) | കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |  |

(ഒപ്പ്)

**ജില്ലാ കളക്ടർ**